**10th December 2015 / Thursday** **46th day of 90 days**

**സങ്കീർത്തനങ്ങൾ 37:37**

**'നിഷ്കങ്കനെ കുറിക്കൊള്ളുക.നേരുള്ളവനെ നോക്കികൊൾക. സമാധാനപുരുഷനു സന്തതി ഉണ്ടാകും'**

സത്യവിശ്വാസികൾ ദൈവത്തിന്റെ മക്കൾ എന്നു ഉറപ്പുവരുത്തുന്നതിന് ഈ രണ്ട് കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും – നിഷ്കളങ്കതയും നേരും. ശിശുക്കളെപ്പോലെ കളങ്കമില്ലാത്തവരായി ജീവിച്ചാൽ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. സത്യത്തിന്റെ വഴിയിൽ ജീവിതത്തെ നയിച്ചാൽ മാത്രമേ യേശു മണവാളന്റെ അരികിൽ എത്താൻ സാധിക്കൂ. നമ്മുടെ നിഷ്കളങ്കതയും നേരും തിരിച്ചറിയാൻ കഷ്ടതയിലും പ്രയാസത്തിലും വിഷമത്തിലും ദൈവത്തോടും വിശ്വാസികളോടും നമ്മുടെ പ്രതികരണം നോക്കിയാൽ മതി. സമാധാനപുരുഷനു സന്തതി ഉണ്ടാകും – വചനത്തെ ഭൗതികമായി കാണാതെ ആത്മീയമായി ദർശിച്ച് മറഞ്ഞിരിക്കുന്ന മർമ്മങ്ങളെ അറിയാൻ ശ്രമിക്കേണം. ഇവിടെ സമാധാനം എന്നു പറയുന്നത് യേശുവിനെ ആണ്. യേശു ആകുന്ന സമാധാനമുള്ള പുരുഷന് സന്തതി ഉണ്ടാകുന്നു. ആത്മീയമായി പുരുഷന്മാർക്കും സന്തതി ഉണ്ടാകുന്നു, അവർക്കും പ്രസവിക്കാൻ കഴിയും. പ്രസവവേദനയെ കുറിച്ച് പൗലൊസ് ശ്ലീഹാ തന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്നു, ഗലാത്യർ 4:19 'ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നവരായ എന്റെ കുഞ്ഞുങ്ങളെ…'. മാതാപിതാക്കളിൽ നിന്ന് ജനിച്ചതുകൊണ്ട് മാത്രം ഒരു പൈതൽ ദൈവത്തിന്റെ സന്തതി ആകണമെന്നില്ല. പരിശുദ്ധാത്മാവിൽ വീണ്ടും ജനനത്തിന്റെ അനുഭവത്തിലൂടെ മാത്രമേ ദൈവത്തിന്റെ മകനോ മകളോ ആകുവാൻ സാധിക്കൂ. അത് ആത്മാവിന്റെ പ്രവർത്തനമാണ്. നമ്മുടെ ആത്മാവും സത്യവചനവുമായി ഇണചേർന്ന് ധ്യാനിക്കുമ്പോൾ ഉണ്ടാകുന്ന സന്തതിയാണ് പ്രാണൻ / ജീവൻ. ആ ജീവനെ യേശുവിന്റെ ഉള്ളിൽ എത്തിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. നിത്യവും വചനത്തെ ധ്യാനിക്കുമ്പോൾ അതിൽ നിന്ന് ഉളവാകുന്ന ആത്മീയമായ പുത്തൻ ആശയങ്ങളിൽ കുടി ദൈവരാജ്യത്തിന്റെ മർമ്മങ്ങളെയും രഹസ്യങ്ങളെയും വെളിപ്പെടുത്തുവാൻ സഹായിക്കും. ഇങ്ങനെ ദൈവനാമം മഹത്വപ്പെടുത്തുവാൻ പ്രവർത്തിക്കണമെങ്കിൽ നാം കളങ്കമില്ലാത്തവരും നേരുള്ളവരും ആകണം. ഇയ്യോബിനെ കുറിച്ച് പറയുന്നത്, 'ഇയ്യോബ് നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവിൽ നിറഞ്ഞവരായി വിളിക്കപ്പെട്ടവരെ, തിരഞ്ഞെടുക്കപ്പെട്ടവരെ തേജസ്ക്കരണത്തിലേക്ക് നയിക്കുവാൻ സാധിക്കണം. അങ്ങനെ നാം സമാധാന പുരുഷന്മാർ എന്നു വിളിക്കപ്പെടേണം. അതിനായി നാം നിഷ്കളങ്കരും നേരുള്ളവരും ആയി ജീവൻ നഷ്ടപ്പെടുത്താതെ യേശുവിന്റെ ഉള്ളിൽ എത്തിച്ച് ദൈവത്തിന്റെ ആലോചനയ്ക്കായി പ്രാർത്ഥനയോടെ കാത്തിരിക്കാം.

